നമ്പർ. എം.റ്റി(1)39649/07

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 19.05.2009.

# സർക്കുലർ നമ്പർ 20/2009.

വിഷയം: സഹകരണ വകുപ്പ് - സഹകരണ ക്ലിനിക്കൽ ലാബുകൾ തുടങ്ങുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 25-7-2008 ലെ എം.റ്റി.(1)34981/08 നമ്പർ കത്ത്.

സഹകരണ മേഖലയിൽ "സഹകരണ നവരത്നം - സഹകരണ ആരോഗ്യം കേരളീയ"ത്തിന്റെ ഭാഗമായി, സഹകരണ മേഖലയിൽ ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ലഭിയ്ക്കുന്ന മുറയ്ക്ക്, ജോയിന്റ് രജിസ്ട്രാർമാർ അനുവാദം നൽകണമെന്ന് സൂചന ഒന്നിലെ കത്ത് പ്രകാരം നിർദ്ദേശങ്ങൾ ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകിയിരുന്നു. ഇപ്രകാരം അനുവാദം നൽകുന്നതിന്, ഒരു പൊതു മാനദണ്ഡം ഉണ്ടാകുന്നത് ഉചിതമാണെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ക്ലിനിക്കൽ ലാബ്, സംഘത്തിന്റെ പ്രവർത്തന പരിധിയിൽ തന്നെ ആയിരിക്കേണ്ടതാണ്.
2. സംഘത്തിന്റെ പ്രവർത്തന പരിധിയിൽ, ക്ലിനിക്കൽ ലാബ് ആരംഭിക്കാൻ സംഘത്തിന് താത്പര്യമില്ലാതിരിക്കുകയും, എന്നാൽ സമീപ പ്രദേശത്തെ ഏതെങ്കിലും സഹകരണ സംഘം, ടി പ്രവർത്തന പരിധിയിൽ ക്ലിനിക്കൽ ലാബ് ആരംഭിക്കുന്നതിന് താത്പര്യപ്പെട്ട് മുന്നോട്ട് വരുന്ന പക്ഷം, ടി ആവശ്യത്തിലേയ്ക്കായി പ്രത്യേക ഇളവ് നൽകി, ആരംഭിക്കുന്നതിന് അനുവാദം നൽകാവുന്നതാണ്.
3. ലാബ് ആരംഭിക്കുന്നതിന് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള സാമ്പത്തിക ഭദ്രത സംഘങ്ങൾക്ക് ഉണ്ടായിരിക്കണം. ആയതിനായി ജനറൽ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്ന തുകയ്ക്ക് നിയമാനുസൃത അനുമതി നൽകേണ്ടതാണ്.
4. സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഒന്നോ അതിലധികമോ ആശുപത്രി/പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടായിരിക്കണം.
5. ലാബിന്റെ പ്രവർത്തന സാദ്ധ്യത വിലയിരുത്തിയ ശേഷമേ ലാബ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകാവൂ.
6. ലാബിലെ പരിശോധനാ ഫീസ് നിരക്ക് സർക്കാരിന്റെ അംഗീകൃത നിരക്കിന് തുല്യമോ/ ടി നിരക്കിനേക്കാൾ കുറവോ ആയിരിക്കണം.

7. ജില്ലയിലെ സഹകരണ ക്ലിനിക്കൽ ലാബുകൾക്ക് ഏകീകൃത ഫീസ് നിരക്ക് നിശ്ചയിക്കേണ്ടതാണ്.

8. അംഗീകൃത നിലവാരം പുലർത്തുന്ന ഉപകരണങ്ങളാണ് ലാബിൽ ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. ലാബിൽ നിയമിക്കേണ്ടവരെ കോൺട്രാക്ട്/ദിവസവേതന വ്യവസ്ഥയിൽ മാത്രമേ നിയമിക്കാവൂ. കോൺട്രാക്ട്/ദിവസവേതന നിരക്കുകൾ ജില്ലയിൽ പരമാവധി ഏകീകൃതമായിരിക്കേണ്ടതാണ്.

10. ലാബുകൾ കഴിവതും 24 മണിക്കൂറും പ്രവർത്തിക്കണം.

11. ലാബുകളിലേയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നു എന്ന് ഉറപ്പാക്കണം.

12. ലാബുകളിലെ വരവ് ചിലവ് കണക്കുകൾ പ്രത്യേകം സൂക്ഷിക്കേണ്ടതും, ആയത് ഓരോ വർഷാവസാനവും സംഘം കണക്കുകളിൽ വരുന്നു എന്നു ഉറപ്പുവരുത്തേണ്ടതുമാണ്.

13. ലാബിന്റെ പ്രവർത്തനം പരാതികൾക്കിടയില്ലാതെ നടത്തേണ്ടതും, പ്രതിമാസം ലാബിന്റെ പ്രവർത്തനം സംഘം തലത്തിലും, സഹകരണ വകുപ്പ് തലത്തിലും വിലയിരുത്തേണ്ടതുമാണ്. അസിസ്റ്റന്റ് രജിസ്ട്രാർമാർ/ഇൻസ്പെക്ടർമാർ മേൽ മാനദണ്ഡങ്ങൾ പരമാവധി പാലിക്കുന്നുവെന്ന് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്,

**റാണിജോർജ്ജ്.ഐ.എ.എസ്,**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്:

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്).
3. എല്ലാ സഹകരണ സംഘങ്ങൾക്കും. (ജോയിന്റ് രജിസ്ട്രാർമാർ മുഖേന).
4. എഡിറ്റർ, സഹകരണ വീഥി.
5. എഡിറ്റർ, സഹകരണ ജേർണൽ.
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
7. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ആജ്ഞാനുസരണം,

**അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി./എം.റ്റി)**